# കലാസമിതികൾ എവിടെ?

**ആർ.രാമചന്ദ്രൻ**

ആയിരത്തി തൊള്ളായിരത്തി എഴുപതുകളിൽ കേരളത്തിലെ ഗ്രാമഗ്രാമാന്തരങ്ങളിലാകെ പടർന്നു പന്തലിച്ചു നിന്നിരുന്ന പ്രസ്ഥാനമായിരുന്നു കലാസമിതികൾ. അറുപതുകളോടെ ആരംഭിച്ച് എഴുപതുകളിൽ പുഷ്കലമായി എൺപതുകളുടെ അവസാനത്തോടെ ആവേശം നശിച്ചു തുടങ്ങിയ ഈ പ്രസ്ഥാനത്തിന്റെ അസ്ഥികൂടങ്ങൾ മാത്രമാണ് ഇന്നു നിലനില്ക്കുന്നത്.

എഴുപതുകളിലെ തേജസ്സുള്ള യുവത്വത്തിന്റെ കണ്ണാടിയായിരുന്നു കലാസമിതി പ്രസ്ഥാനം. ഓരോ വാർഡിലും ഓരോ കലാസമിതി പ്രവർത്തിക്കുന്ന പഞ്ചായത്തുകൾപോലും അന്നുണ്ടായിരുന്നു. ചെറുപ്പത്തിന്റെ നിസ്വാർത്ഥതയും കൂട്ടായ്മയുമായിരുന്നു അവയുടെ കാതൽ.

ഏതെങ്കിലും ഒരു പുറമ്പോക്ക് ഭൂമി കണ്ടെത്തി, അതിൽ നാട്ടുകാരിൽനിന്നു കാശായും വിഭവങ്ങളായും സംഭാവന പിരിച്ച്, ശ്രമദാനം നടത്തിയുണ്ടാക്കുന്ന ഒരു ചെറിയ കെട്ടിടം. സംഭാവനയായി തന്നെ തരപ്പെടുത്തുന്ന ഫർണിച്ചർ. അവിടെ അന്തിയിൽ ഒത്തുച്ചേരുന്ന ഗ്രാമീണ യുവത്വം. സംഭാഷണങ്ങൾ, ചർച്ചകൾ, കുറച്ചു പുസ്തകങ്ങൾ സംഘടിപ്പിച്ച് ഒരു വായനശാലയുടെ തുടക്കം, ചിലപ്പോൾ ഒരു കൈയെഴുത്തു മാസിക, അല്പം ചെസ്, കാരംസ്, അടുത്തുള്ള കലാസമിതികളുമായി ചേർന്ന് അമച്വർ നിലവാരത്തിലുള്ള ചില കലാ- കായിക മത്സരങ്ങൾ, സാമൂഹ്യ പ്രവർത്തനം, ജീവകാരുണ്യ പ്രവർത്തനങ്ങൾ.. അങ്ങിനെയൊക്കെയായിരുന്നു അവയുടെ പൊതുസ്വഭാവം. ശരാശരിക്കപ്പുറത്ത് കടന്നു പ്രവർത്തിച്ച കുറേ മാതൃകകൾ ഉണ്ടുതാനും.

അന്നു കെട്ടി ഉയർത്തിയ കെട്ടിടങ്ങൾക്കു മുന്നിൽ നിറം മങ്ങിയ പേരെഴുത്തു പലകകളുമായി ഇന്നും കലാസമിതികൾ. നില്ക്കുന്നുണ്ട്- ജീവനില്ലാത്ത ഉണക്ക മരങ്ങൾ പോലെ. പേരിനെന്തൊക്കെയോ നടക്കുന്നുണ്ടെന്നും സമ്മതിക്കാം. പക്ഷേ, പണ്ടത്തെ ഉണർവും ഉന്മേഷവും എവിടെയുമില്ല. എന്തു പറ്റി കലാസമിതി പ്രസ്ഥാനത്തിന്?

കാരണം പലതാണ്. പണ്ടത്തെപ്പോലെ സ്വന്തം വീട്ടിലും ഗ്രാമത്തിലും ഒഴിവ് സമയം ചെലവാക്കുന്ന ചെറുപ്പക്കാർ കുറഞ്ഞിരിക്കുന്നു. ടെലിവിഷൻ, മറ്റു വിനോദ പരിപാടികൾ, ആർക്കും ഉപകാരമില്ലാത്ത കുറെ യാത്രകൾ എന്നിങ്ങനെ ചെറുപ്പക്കാർ മാറിയിരിക്കുന്നു.

മറ്റൊന്ന്, മുമ്പില്ലാത്തവിധം ചെറുപ്പക്കാർ രാഷ്ട്രീയവത്കരിക്കപ്പെട്ടിരിക്കുന്നു. ഏതെങ്കിലും ഒരു രാഷ്ട്രീയ



പാർട്ടിയുടെ വാലോ തുമ്പോ ആയി നില്ക്കുന്ന ഏതെങ്കിലും പ്രസ്ഥാനത്തിലായിരിക്കും എല്ലാവരും. അതിനപ്പുറത്തുള്ള ഒരു പൊതുക്കൂട്ടായ്മയ്ക്ക് ഈ വിഭാഗീയത തടസമായി നില്ക്കുന്നു.

അവസാനമായി, യുവത്വം സ്വാർത്ഥപൂരിതമായിക്കൊണ്ടിരിക്കുന്നു എന്നതാണ്. ഉടുപ്പിലും നടപ്പിലും കെട്ടിപ്പൊക്കുന്ന ജാടകളും വിദ്യാഭ്യാസത്തോടൊപ്പം തന്നെ ആരംഭിക്കുന്ന സൈഡ് ബിസിനസുകളും ഒക്കെയായി ഓരോ ചെറുപ്പക്കാരനും മറ്റൊരു ചെറുപ്പക്കാരനു ശത്രുവായി മാറിക്കൊണ്ടിരിക്കുന്നു.

കലാസമിതികളുടെ പുതിയ തലമുറയായി രൂപംകൊണ്ട് ഫൈൻ ആർട്സ് സൊസൈറ്റികളുടെ പ്രവർത്തനങ്ങൾ ഇതിന് ഉദാഹരണമാണ്. യാതൊരു പുതുമകളോ പുരോഗമന സ്വഭാവമോ പ്രകടിപ്പിക്കാത്ത കുറെ പ്രൊഫഷണൽ നാടകങ്ങളും മിമിക്സ്- ഗാനമേള പരിപാടികളും മാജിക് ഷോകളും മാസംതോറും നടത്തി, ചെറിയ ലാഭവുമുണ്ടാക്കി സ്വസ്ഥമായി ഇരിപ്പാണ് അവ.

കേരളീയ യുവത്വത്തിന്റെ അന്നത്തേയും ഇന്നത്തേയും യഥാർത്ഥ പ്രതീകങ്ങളായി അന്നത്തെ കലാസമിതികളേയും ഇന്നത്തെ ആർട്ട് സൊസൈറ്റികളേയും നമുക്ക് കണക്കാക്കാം? ഈ പരിണാമത്തിലെ അടുത്ത പടി എന്തായിരിക്കും?